# തിരുവിതാംകൂർ രാജവംശം

## നാട്ടുവാഴി സ്വരൂപങ്ങൾ

- മാതൃദായക കൂട്ടുകുടുംബങ്ങൾ (മരുമക്കത്തായ തറവാട്) നിയന്ത്രിച്ചിരുന്ന സ്വയംഭരണ പ്രദേശങ്ങൾ ആയിരുന്നു സ്വരൂപങ്ങൾ.

## പ്രധാനപ്പെട്ട നാട്ടുവാഴി സ്വരൂപങ്ങൾ


1. കോലസ്വരൂപം (കോലത്തുനാട്)
2. നെടിയിരുപ്പ് സ്വരൂപം (ഏറനാട്)
3. പെരുമ്പടപ്പ് സ്വരൂപം (കൊച്ചി)
4. തൃപ്പാപ്പൂർ സ്വരൂപം (വേണാട്)
5. ഇളയിടത്തു സ്വരൂപം ( കൊട്ടാരക്കര)

## തിരുവിതാംകൂർ രാജവംശം

- വേണാടിനെ തിരുവിതാംകൂർ എന്ന ആധുനിക രാജ്യമാക്കി മാറ്റിയ ഭരണാധികാരിയാണ് മാർത്താണ്ഡവർമ്മ.
- ആധുനിക തിരുവിതാംകൂറിന്റെ ശില്പി/സ്ഥാപകൻ എന്നറിയപ്പെടുന്നത് മാർത്താണ്ഡവർമ്മയാണ്.
- വേണാട് ഭരിച്ചിരുന്ന അവസാന ഭരണാധികാരി – രാമവർമ്മ (1721 – 1729)
- തിരുവിതാംകൂർ രാജവംശത്തിന്റെ ഔദ്യോഗിക മുദ്ര – ശംഖ്
- തിരുവിതാംകൂറിന്റെ ദേശീയഗാനം – വഞ്ചീശ മംഗളം (വഞ്ചി ഭൂമി)– രചിച്ചത് – മഹാ കവി ഉള്ളൂർ എസ് പരമേശ്വരയ്യർ
- തിരുവിതാംകൂർ രാജാക്കന്മാരുടെ കിരീടധാരണ ചടങ്ങ് അറിയപ്പെട്ടിരുന്നത് – ഹിരണ്യഗർഭം

## അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ (1729–1758)

- ആധുനിക തിരുവിതാംകൂറിലെ ആദ്യ ഭരണാധികാരി.
- തിരുവിതാംകൂറിന്റെ അശോകൻ, തിരുവിതാംകൂറിന്റെ ബിസ്മാർക്, തിരുവിതാംകൂറിന്റെ ഉരുക്ക മനുഷ്യൻ എന്നും ഇദ്ദേഹം അറിയപ്പെടുന്നു.
- കേരളാ അശോകൻ – വിക്രമാദിത്യ വരഗുണൻ
- തിരുവിതാംകൂറിൽ ജന്മിത്ത ഭരണം അവസാനിപ്പിച്ചു.
- മാർത്താണ്ഡവർമ്മയുടെ ഭരണനയം – നിണവും ഇരുമ്പും നയം (blood and iron policy)
- മാർത്താണ്ഡവർമ്മയുടെ ഭരണ തലസ്ഥാനം – കൽക്കുളം അഥവാ പദ്മനാഭപുരം.
- മാർത്താണ്ഡവർമ്മയുടെ വ്യാപാര തലസ്ഥാനം – മാവേലിക്കര



- തിരുവിതാംകൂറിന്റെ നെല്ലറ എന്നറിയപ്പെടുന്നത് – നാഞ്ചിനാട്

## മാർത്താണ്ഡവർമ്മയും ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രവും

- ശ്രീ പദ്മനാഭനായിരുന്നു തിരുവിതാംകൂറിന്റെ പ്രധാന ആരാധന മൂർത്തി.
- തിരുവിതാംകൂർ രാജാക്കന്മാർ അറിയപ്പെട്ടത് ശ്രീ പദ്മനാഭ ദാസൻ എന്നാണ്.
- 1750 ജനുവരി 3 നു ഒന്നാം തൃപ്പടിദാനം നടത്തിയത് ഇദ്ദേഹമാണ്
- പിടിച്ചെടുത്ത പ്രദേശങ്ങളും തന്റെ സാമ്രാജ്യവും മാർത്താണ്ഡവർമ്മ, പദ്മനാഭ സ്വാമിക്ക് അടിയറ വെച്ചു, ഇതാണ് തൃപ്പടിദാനം.
- തൃപ്പടിദാനത്തിനു ശേഷമാണ് തിരുവിതാംകൂറിലെ ഭരണാധികാരികൾ 'പദ്മനാഭ ദാസന്മാർ' എന്നറിയപ്പെടുന്നത്.
- പദ്മനാഭ സ്വാമി ക്ഷേത്രത്തിൽ മുറജപം, ഭദ്രദീപം എന്നീ ചടങ്ങുകൾ തുടങ്ങിയതും മാർത്താണ്ഡവർമ്മയാണ്.

## മാർത്താണ്ഡവർമ്മയുടെ ദളവമാർ

- അറുമുഖൻ പിള്ള – 1729 – 1736
- താണു പിള്ള – 1736–1737
- രാമയ്യൻ ദളവ – 1737 – 1756

## മാർത്താണ്ഡവർമ്മയുടെ ഭരണസംവിധാനം

- മാർത്താണ്ഡവർമ്മ തന്റെ രാജ്യത്തെ വിവിധ റവന്യൂ ഘടകങ്ങളായി വിഭജിച്ചു
- പകുതിയായിരുന്നു, ഏറ്റവും താഴെ തട്ടിലുള്ള ഭരണ ഘടകം
- ഭരണച്ചുമതല – പ്രവൃത്തികാർ / പാർവതിക്കാർ
- ഒരു കൂട്ടം ഗ്രാമങ്ങൾ ചേരുന്നതാണ് മണ്ഡപത്തും വാതുക്കൽ ഭരണച്ചുമതല – കാര്യക്കാർ
- തിരുവിതാംകൂറിലെ പ്രധാന ഭരണഘടകമായ മണ്ഡപത്തും വാതുക്കൽ താലൂക്കുകൾക്ക് തുല്യമായിരുന്നു.
- കാര്യക്കാർ – തഹസീൽദാർ
- തിരുവിതാംകൂർ മൊത്തത്തിൽ 20 മണ്ഡപത്തും വാതുക്കലായി വിഭജിക്കപ്പെട്ടു.

## മാർത്താണ്ഡവർമ്മയുടെ റവന്യൂ ഭരണം

- ഭൂപരിഷ്കരണം, നികുതി ഘടന എന്നിവയുമായി ബന്ധപ്പെട്ട് മാർത്താണ്ഡവർമ്മ നിയോഗിച്ച ഉദ്യോഗസ്ഥൻ – മല്ലൻ ശങ്കരൻ.
- ഇതുമായി ബന്ധപ്പെട്ട് തിരുവിതാംകൂറിൽ കണ്ടെഴുത്ത് (ഭൂസർവേ) നടത്താനായി മാർത്താണ്ഡവർമ്മ മല്ലൻ ശങ്കരനെ നിയമിച്ചു.

## മല്ലൻ ശങ്കരൻ ഭൂമിയെ പ്രധാനമായും നാലായി തരംതിരിച്ചു:

1. ദേവസ്വം – ക്ഷേത്ര ഭൂമി
2. ബ്രഹ്മസ്വം – ബ്രാഹ്മണരുടെ ഭൂമി
3. ദാനം – ആർക്കും അവകാശമില്ലാത്ത ഭൂമി
4. പണ്ടാരം – സർക്കാർ വക ഭൂമി

## മാർത്താണ്ഡവർമ്മ നടത്തിയ പ്രധാന യുദ്ധങ്ങളും ഉടമ്പടികളും

- 1723 – വേണാട് ഉടമ്പടി
- കുളച്ചൽ യുദ്ധം : 1741 ഓഗസ്റ്റ് 10

- 1742 ൽ കൊട്ടാരക്കര തിരുവിതാംകൂറിനോട് കൂട്ടിച്ചേർത്തു
- 1742 ൽ മാർത്താണ്ഡവർമ്മ കിളിമാനൂർ പിടിച്ചെടുത്തു
- 1742 മാന്നാർ ഉടമ്പടി – കായംകുളം രാജാവും മാർത്താണ്ഡ വർമയും തമ്മിൽ നടത്തിയ ഉടമ്പടി.

- പുറക്കാട് യുദ്ധം , 1746
  - മാന്നാർ ഉടമ്പടി വ്യവസ്ഥകൾ കായംകുളം രാജാവ് ലംഘിച്ചതിനാലാണ് ഈ യുദ്ധം ഉണ്ടായത്.
  - കായംകുളം, അമ്പലപ്പുഴ എന്നീ പ്രദേശങ്ങൾ തിരുവിതാംകൂറിനോട് കൂട്ടിച്ചേർത്തത് ഈ യുദ്ധത്തിന് ശേഷമാണ്.
- മാവേലിക്കര ഉടമ്പടി : 1753 ഓഗസ്റ്റ് 15

## മാർത്താണ്ഡവർമ്മയുടെ സൈന്യം

- രാമയ്യൻ ദളവ ആയിരുന്നു മാർത്താണ്ഡവർമ്മയുടെ പ്രധാന ദളവ.
- തിരുവിതാംകൂറിന്റെ വലിയ പടത്തലവൻ – ഡിലനോയി
- മാർത്താണ്ഡവർമ്മയുടെ സംരക്ഷണ ചുമതല ഉണ്ടായിരുന്ന നായർ സമുദായ സൈന്യം – നായർ ബ്രിഗേഡ്
- തിരുവിതാംകൂറിൽ മറവപ്പട എന്ന പേരിൽ ഒരു സ്ഥിരം സൈന്യം ഏർപ്പെടുത്തിയതും മാർത്താണ്ഡവർമ്മയാണ്.
- തിരുവിതാംകൂറിൽ പതിവ് കണക്ക് (വാർഷിക ബജറ്റ്) ആരംഭിക്കുന്നതും മാർത്താണ്ഡവർമ്മയുടെ കാലത്താണ്.
- ഹിരണ്യഗർഭം ആരംഭിച്ചത് മാർത്താണ്ഡവർമ്മയാണ്.
- പൊൻമന അണ, പുത്തൻ അണ എന്നിവ മാർത്താണ്ഡവർമ്മയുടെ കാലത്തു പണികഴിപ്പിച്ച അണക്കെട്ടുകൾ ആണ്.
- മാർത്താണ്ഡവർമ്മയുടെ സദസ്സിലുണ്ടായിരുന്ന രണ്ടു പ്രധാന കലാകാരന്മാരാണ് കുഞ്ചൻ നമ്പ്യാരും, രാമപുരത്തു വാര്യരും.
- കായംകുളം കൃഷ്ണപുരം കൊട്ടാരം നിർമ്മിച്ചത് മാർത്താണ്ഡവർമ്മയാണ്.
- മാർത്താണ്ഡവർമ്മ എന്ന നോവൽ രചിച്ചത് – സി വി രാമൻപിള്ള
- സി. വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മ എന്ന നോവലിനെ ആസ്പദമാക്കി പി.വി.റാവു സംവിധാനം ചെയ്ത് 1933–ൽ പുറത്തിറങ്ങിയ ഒരു ബ്ലാക്ക് ആന്റ് വൈറ്റ് നിശ്ശബ്ദ ചലച്ചിത്രമാണ് മാർത്താണ്ഡവർമ്മ.

## മുൻവർഷ ചോദ്യങ്ങൾ

1.തിരുവിതാംകൂറിൽ ആദ്യമായി പതിവുകണക്ക് എന്ന വാർഷിക ബജറ്റ് സംവിധാനം കൊണ്ടുവന്നത് ആരാണ്?

A) വീര ഉദയ മാർത്താണ്ഡ വർമ്മ (1314–1344)

b) രാമവർമ്മ (1721–1729)

c) മാർത്താണ്ഡ വർമ്മ (1729–1758)

d) കാർത്തിക തിരുനാൾ രാമവർമ്മ (1758–1798)

Ans : c

2.കുളച്ചൽ യുദ്ധത്തിൽ ഡച്ചുകാരെ പരാജയപ്പെടുത്തിയ തിരുവിതാംകൂർ ഭരണാധികാരി.

A) വേലുത്തമ്പി ദളവ

C) മാർത്താണ്ഡവർമ്മ

B) ധർമ്മരാജ

D) പഴശ്ശി രാജ

Ans: C

3. പത്മനാഭപുരത്തിന്റെ ആദ്യകാല നാമം?

A) തിരുവിതാംകൂർ

C) ബാലരാമപുരം

B) കൽക്കുളം

(D) വേണാട്

Ans:B

## കാർത്തിക തിരുനാൾ രാമവർമ്മ (1758–1798)

- മാർത്താണ്ഡവർമ്മയുടെ അനന്തരവൻ ആണ് ഇദ്ദേഹം.
- ആധുനിക തിരുവിതാംകൂറിൽ ഏറ്റവും കൂടുതൽ കാലം ഭരണം നടത്തിയ തിരുവിതാംകൂർ രാജാവ്.
- 1766 ൽ രണ്ടാം തൃപ്പടിദാനം നടത്തിയത് ഇദ്ദേഹമാണ്

(തുപ്പടിദാനം എന്ന കൃതി രചിച്ചത് – ഉമാ മഹേശ്വരി)

- ധർമരാജ എന്നും കിഴവൻ രാജ എന്നും അറിയപ്പെടുന്നത് ഇദ്ദേഹമാണ്.
- തിരുവിതാംകൂറിൽ ടിപ്പുവിന്റെ ആക്രമണം നടക്കുന്ന സമയത്തെ രാജാവ് ഇദ്ദേഹമായിരുന്നു.
- ടിപ്പുവിന്റെ ആക്രമണത്തെ ചെറുക്കാനായി മധ്യകേരളത്തിൽ നെടുംകോട്ട (Travancore Lines) പണിതതും ഇദ്ദേഹമാണ്.
- നെടുംകോട്ട പണിത ദിവാൻ – രാജാ കേശവദാസ്.
- 1790 ൽ ഇദ്ദേഹം തിരുവിതാംകൂറിന്റെ
- തലസ്ഥാനം പദ്മനാഭപുരത്തു നിന്നും തിരുവനന്തപുരത്തേക്ക് മാറ്റി.
- കർണ്ണാടക സംഗീതത്തിലെ സപ്ത സ്വരങ്ങൾ കേൾപ്പിക്കുന്ന പ്രത്യേകതരം കൽത്തൂണുകൾ അടങ്ങിയ കുലശേഖര മണ്ഡപം പദ്മനാഭ സ്വാമി ക്ഷേത്രത്തിൽ പണികഴിപ്പിച്ചത് ഇദ്ദേഹമാണ്.



## ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുമായുള്ള ഉടമ്പടി

- 1795 ൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുമായി ഇദ്ദേഹം ഒരു ഉടമ്പടിയിലേർപ്പെട്ടു.
- ഇത് പ്രകാരം തിരുവിതാംകൂർ ബ്രിട്ടീഷ് മേധാവിത്വം അംഗീകരിച്ചു.
- ബ്രിട്ടീഷ് റസിഡന്റ് തസ്തിക തിരുവിതാംകൂറിൽ വന്നതും ഈ ഉടമ്പടിക്കു ശേഷമാണ്.
- തിരുവിതാംകൂറിലെ ആദ്യ ബ്രിട്ടീഷ് റസിഡന്റ് – കോളിൻ മെക്കാളെ

## ധർമരാജയുടെ സാഹിത്യ സംഭാവനകൾ

- ആട്ടക്കഥകൾ രചിച്ച തിരുവിതാംകൂർ രാജാവ് ഇദ്ദേഹമാണ്.
- ധർമ്മരാജ രചിച്ച പ്രധാന ആട്ടക്കഥകൾ – നരകാസുരവധം, രാജസൂയം, കല്യാണ സൗഗന്ധികം, പാഞ്ചാലി സ്വയംവരം, ഗന്ധർവ്വ വിജയം, സുഭദ്രാഹരണം.
- ഭരതമുനിയുടെ നാട്യ ശാസ്ത്രത്തെ അടിസ്ഥാനമാക്കി ധർമരാജ രചിച്ച കൃതി – ബാലരാമ ഭാരതം.
- ധർമരാജയുടെ പ്രധാന സദസ്യനായിരുന്ന – ഉണ്ണായി വാരിയർ
- നളചരിതം ആട്ടക്കഥ രചിച്ചത് ഇദ്ദേഹമാണ്

## ധർമരാജയുടെ പ്രധാന ദിവാൻമാർ

- അയ്യപ്പൻ മാർത്താണ്ഡ പിള്ള
- രാജാ കേശവദാസ്

### അയ്യപ്പൻ മാർത്താണ്ഡപിള്ള

- ഇദ്ദേഹമാണ് വർക്കല പട്ടണം പണി കഴിപ്പിച്ചത്.
- കൊച്ചിയിലെ ദിവാനായ പാലിയത്ത് കോമി അച്ചനുമായി 1762 ൽ ശുചീന്ദ്രം ഉടമ്പടിയിൽ ഒപ്പുവെച്ചത് ഇദ്ദേഹമാണ്.
- ഈ ഉടമ്പടിയെ തുടർന്നാണ് തിരുവിതാംകൂർ സാമൂതിരിക്കെതിരെ യുദ്ധം ചെയ്തത്.

### രാജാ കേശവദാസ്

- ദിവാൻ എന്ന ഔദ്യോഗികനാമം സ്വീകരിച്ച ആദ്യത്തെ പ്രധാനമന്ത്രിയാണ് ഇദ്ദേഹം.
- ഇദ്ദേഹത്തതിന് രാജാ എന്ന പദവി നൽകിയത് – മോർണിങ്ങ്ടൺ പ്രഭു

തിരുവിതാംകൂറിന്റെ വലിയ ദിവാൻജി എന്ന് ഇദ്ദേഹം അറിയപ്പെടുന്നു.

- ചാല കമ്പോളത്തിന്റെയും, ആലപ്പുഴ പട്ടണത്തിന്റെയും ശിൽപിയാണിദ്ദേഹം.
- തിരുവനന്തപുരം – അങ്കമാലി, എംസി റോഡ് പണി കഴിപ്പിച്ചതും ഇദ്ദേഹമാണ്.
- ഇദ്ദേഹത്തിന്റെ സ്മരണാർഥം ഈ റോഡ് തുടങ്ങുന്ന നഗരത്തിന് ഇദ്ദേഹത്തിന്റെ പേരാണ് നൽകിയിരിക്കുന്നത്– കേശവദാസപുരം.

## അവിട്ടം തിരുനാൾ ബാലരാമ വർമ്മ (1798–1810)

- 1798–ൽ തന്റെ പതിനാറാം വയസ്സിൽ തിരുവിതാംകൂർ മഹാരാജാവായി ഭരണത്തിലേറി.
- തിരുവിതാംകൂറിലെ ഏറ്റവും ദുർബലനായ ഭരണാധികാരിയായിരുന്നു ഇദ്ദേഹം.
- ഒരുപാട് അഴിമതിക്കാർ ഇദ്ദേഹത്തിന്റെ ഭരണത്തിൽ ഇടപെട്ടു.
- ഈ കാലയളവിൽ ഭരണം നിയന്ത്രിച്ചത് – ജയന്തൻ ശങ്കരൻ നമ്പൂതിരി, ശങ്കര നാരായണൻ ചെട്ടി, മാത്തു തരകൻ.
- ഇവരുടെ ജനദ്രോഹ നടപടികൾക്കെതിരെ വേലുത്തമ്പിയുടെ നേതൃത്വത്തിൽ പ്രക്ഷോഭം നടത്തുകയും, പ്രക്ഷോഭം വിജയിക്കുകയും ചെയ്തു.
- 1800 ൽ ബ്രിട്ടീഷ് റസിഡന്റ് ആയ മെക്കാളെയുടെ സമ്മതത്തോടെ വേലുത്തമ്പി തിരുവിതാംകൂർ ദിവാനായി.



### പ്രധാന ദിവാൻമാർ

1. വേലുത്തമ്പി ദളവ
2. ഉമ്മിണി തമ്പി

## വേലുത്തമ്പി ദളവ

- 1765 മേയ് 6 ന് തിരുവിതാംകൂർ സംസ്ഥാനത്തിന്റെ ഭാഗമായ (ഇന്നത്തെ കന്യാകുമാരി) കൽക്കുളത്താണ് വേലുത്തമ്പി ജനിച്ചത്.
- **വേലായുധൻ ചെമ്പകരാമൻ തമ്പി** എന്നാണ് മുഴുവൻ പേര്.
- 1784 ൽ ഇദ്ദേഹം കൽക്കുളം മണ്ഡപത്തും വാതുക്കലിന്റെ കാര്യക്കാരനായി നിയമിതനായി.

- 1800 ൽ വേലുത്തമ്പിയെ തിരുവിതാംകൂർ ദിവാനായി നിയമിച്ചു.
- കൊല്ലത്തു ഹജൂർ കച്ചേരി സ്ഥാപിച്ചതും തിരുവിതാംകൂറിൽ സഞ്ചരിക്കുന്ന കോടതികൾ (Mobile Court) സ്ഥാപിച്ചതും ഇദ്ദേഹമാണ്.
- വേമ്പനാട്ട കായലിലെ പാതിരാമണൽ ദ്വീപ് കൃഷിയോഗ്യമാക്കിയത് ഇദ്ദേഹമാണ്.
- കുണ്ടറ വിളംബരം – 1809 ജനുവരി

## ഉമ്മിണി തമ്പി

- വേലുത്തമ്പിക്ക് ശേഷം തിരുവിതാംകൂറിലെ ദിവാനായ വ്യക്തിയാണ് ഇദ്ദേഹം.
- വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിന് വേണ്ടി പ്രവർത്തിച്ച ദിവാൻ.
- ബാലരാമപുരം നെയ്ത്തു പട്ടണം സ്ഥാപിച്ചത് ഇദ്ദേഹമാണ്.
- നീതിന്യായ നിർവഹണത്തിന് വേണ്ടി ഇദ്ദേഹം ഇൻസുവാഫ് കച്ചേരികൾ സ്ഥാപിച്ചു.

### മുൻവർഷ ചോദ്യങ്ങൾ

1. പത്തൊൻപതാം നൂറ്റാണ്ടിൽ തിരുവിതാംകൂറിൽ നീതി നടപ്പാക്കുന്നതിനുള്ള ഇൻസുഫ് കച്ചേരികൾ സ്ഥാപിക്കപ്പെട്ടു. തിരുവിതാംകൂറിന്റെ ജുഡീഷ്യറി ചരിത്രത്തിൽ ഇത്രയും സുപ്രധാനമായ ഒരു സംഭവവികാസത്തിന് ഉത്തരവാദി ആരാണ്?

A) ടി. മാധവറാവു
B) ഉമ്മിണി തമ്പി
C) രാജാ കേശവ ദാസ്
D) വേലുതമ്പി
Ans: B

2. രാജാ കേശവദാസിന് രാജാ എന്ന പദവി നൽകിയത്

A) ഡൽഹൗസി പ്രഭു
B) വേവൽ പ്രഭു
C) കഴ്സൺ പ്രഭു
D) മോർണിങ്ടൺ പ്രഭു
Ans : D

## റാണി ഗൗരി ലക്ഷ്മി ഭായി (1810–1815)



- ഏറ്റവും കുറച്ചു കാലം തിരുവിതാംകൂർ ഭരിച്ച ഭരണാധികാരി.
- ആധുനിക തിരുവിതാംകൂറിലെ ആദ്യ വനിതാ ഭരണാധികാരി.
- 1811 ൽ ദേവസ്വം ക്ഷേത്രങ്ങൾ സർക്കാരിന്റെ ഉടമസ്ഥതയിലാക്കി ഉത്തരവിട്ടു.
- 1812 ൽ തിരുവിതാംകൂറിൽ അടിമത്തം നിർത്തലാക്കിയത് റാണി ലക്ഷ്മി ഭായി ആണ്.
- തിരുവിതാംകൂറിൽ വാക്സിനേഷനും അലോപ്പതി ചികിത്സ രീതിയും നടപ്പിലാക്കിയ ഭരണാധികാരി.
- ഉമ്മിണി തമ്പിയെ നീക്കം ചെയ്ത് അന്നത്തെ റസിഡന്റ് ആയിരുന്ന കേണൽ മൺറോയെ ദിവാനായി നിയമിച്ചു.
- മൺറോയുടെ സഹായത്തോടെ തിരുവിതാംകൂറിൽ ആദ്യമായി ആധുനിക രീതിയിലുള്ള സെക്രട്ടറിയേറ്റ് ഭരണം ആരംഭിച്ചതും റാണി ലക്ഷ്മി ഭായ് ആണ്.

### കേണൽ മൺറോ


- തിരുവിതാംകൂറിലെ ആദ്യ ബ്രിട്ടീഷുകാരനായ ദിവാൻ .
- ഒരേ സമയം ബ്രിട്ടീഷ് റസിഡന്റും തിരുവിതാംകൂർ ദിവാനുമായ വ്യക്തി.

- തിരുവിതാംകൂറിലെ ആദ്യ അഹിന്ദുവായ ദിവാൻ.
- തിരുവിതാംകൂറിലും കൊച്ചിയിലും ദിവാനായി സേവനമനുഷ്ഠിച്ച ആദ്യ വ്യക്തി.
- കേണൽ മൺറോയാണ് തിരുവിതാംകൂറിലെ കാര്യക്കാർ എന്ന പദവി തഹസിൽദാർ എന്നാക്കി മാറ്റിയത്.
- ചട്ടവരിയോലകൾ എന്നപേരിൽ ഒരു നിയമസംഹിത എഴുതിയുണ്ടാക്കിയതും ഇദ്ദേഹമാണ്.
- 1811 ലാണ് ചട്ടവരിയോലകൾ പ്രസിദ്ധീകരിച്ചത്.

## റാണി ഗൗരി പാർവതി ഭായി (1815–1829)

- ആധുനിക തിരുവിതാംകൂറിലെ ആദ്യത്തെ മുഴുവൻ സമയ റീജന്റ് ഭരണാധികാരി
- പാർവതി പുത്തനാർ നിർമിച്ചത് റാണി പാർവതി ഭായ് ആണ്.
- വാണിജ്യാവശ്യങ്ങൾക്കായി വേളി കായലിനെയും, കഠിനംകുളം കായലിനെയും ബന്ധിപ്പിച്ച നിർമിച്ച കൃത്രിമ തോടാണ് പാർവതി പുത്തനാർ.
- സർക്കാർ ജോലികളിൽ ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന വ്യവസ്ഥ റാണി നിർത്തലാക്കി.
- ജാതി, പദവി എന്നീ വേർതിരിവുകൾ ഇല്ലാതെ എല്ലാവർക്കും വീട് ഓട് മേയാനുള്ള അവകാശം റാണി നൽകി.
- സാധാരണ ജനങ്ങൾക്ക് സ്വർണ്ണം വെള്ളി ആഭരണങ്ങൾ ധരിക്കാനുള്ള അവകാശം നൽകിയതും റാണിയാണ്.
- തിരുവിതാംകൂറിൽ പൊതു വിദ്യാഭ്യാസത്തിനു തുടക്കമിട്ടത് റാണി പാർവതിഭായി ആണ്.
- 1817 ൽ തിരുവിതാംകൂറിൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കി വിളംബരം പുറപ്പെടുവിച്ചത് റാണിയാണ്.

- പാർവതി ഭായിയുടെ കാലഘട്ടത്തിലാണ് തിരുവിതാംകൂറിൽ മിഷനറി പ്രവർത്തനങ്ങൾ സജീവമായി ആരംഭിക്കുന്നത്.
- 1816 ൽ ലണ്ടൻ മിഷൻ സൊസൈറ്റിയ്ക്ക് നാഗർകോവിലിൽ വിദ്യാലയം സ്ഥാപിക്കുവാനുള്ള സൗകര്യം നൽകി.
- ചർച്ച് മിഷൻ സൊസൈറ്റിക്ക് ആലപ്പുഴയിലും കോട്ടയത്തും പ്രവർത്തനം നടത്താൻ സഹായം നൽകി.



## സ്വാതി തിരുനാൾ രാമവർമ (1829–1846)

- ഗർഭ ശ്രീമാൻ എന്നറിയപ്പെടുന്ന തിരുവിതാംകൂർ രാജാവ്
- കലകളെ പ്രോത്സാഹിപ്പിച്ചതിനാൽ ഇദ്ദേഹത്തെ ദക്ഷിണ ഭോജൻ എന്നും വിശേഷിപ്പിക്കുന്നു.

(ആന്ധ്ര ഭോജൻ – കൃഷ്ണ ദേവരായർ)

- ഇദ്ദേഹത്തിന്റെ ഭരണകാലഘട്ടമാണ് തിരുവിതാംകൂറിന്റെ സുവർണ കാലഘട്ടം എന്നറിയപ്പെടുന്നത്.
- സർക്കാർ ആഭിമുഖ്യത്തിൽ തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കിയത് ഇദ്ദേഹമാണ്.

- 1834 ൽ ഇദ്ദേഹം തിരുവനന്തപുരത്ത് ഇംഗ്ലീഷ് സ്കൂൾ ആരംഭിക്കുകയും, ഇത് 1836ൽ രാജാസ് ഫ്രീ സ്കൂൾ ആയിമാറുകയും ചെയ്തു.
- തിരുവിതാംകൂറിൽ എഞ്ചിനീയറിംഗ് വകുപ്പിന് തുടക്കം കുറിച്ചു.
- ശുചീന്ദ്രം കൈമുക്ക് നിർത്തലാക്കി
- ബ്രിട്ടീഷ് ഇന്ത്യൻ മാതൃകയിൽ നിയമസംഹിത രൂപീകരിച്ചു.
- നിയമ സംഹിത എഴുതി തയാറാക്കുന്നതിന് നേതൃത്വം നൽകിയത് – കണ്ടൻ മേനോൻ
- 1836 ൽ തിരുവിതാംകൂറിലെ ആദ്യ സെൻസസ് നടത്തിയത് സ്വാതി തിരുനാളാണ്.
- സിവിൽ പോലീസ് കേസുകളുടെ തീർപ്പിനായി മുൻസിഫ് കോടതികൾ ആരംഭിക്കുകയും ചെയ്തത് ഇദ്ദേഹമാണ്.
- കൊല്ലത്തു നിന്നും ഹജൂർ കച്ചേരി തിരുവനന്തപുരത്തേക്ക് മാറ്റി.
- 1839ൽ തിരുവിതാംകൂറിൽ ആദ്യ ഇംഗ്ലീഷ് മലയാളം കലണ്ടർ പുറത്തിറക്കിയത് ഇദ്ദേഹമാണ്.
- നവരാത്രി ഉത്സവത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് നവരാത്രി സംഗീതോത്സവം ആരംഭിച്ചത് ഇദ്ദേഹമാണ്.
- ഇന്ത്യൻ തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യത്തെ തിരുവിതാംകൂർ രാജാവാണ് ഇദ്ദേഹം.



## സ്വാതി തിരുനാളും കലയും സാഹിത്യവും

- കർണ്ണാടക സംഗീതത്തിലും, വീണ വായനയിലും തൽപരനായിരുന്ന സ്വാതി തിരുന്നാൾ.
- സംഗീതജ്ഞർക്കിടയിലെ രാജാവ്, രാജാക്കന്മാർക്കിടയിലെ സംഗീതജ്ഞൻ.

## സ്വാതി തിരുനാളിന്റെ സദസിലുണ്ടായിരുന്ന സംഗീതജ്ഞർ

ഷഡ്കാല ഗോവിന്ദമാരാർ, മേരുസ്വാമി, മുത്തുസ്വാമി ദീക്ഷിതരുടെ ശിഷ്യരായ തഞ്ചാവൂർ നാൽവർ എന്നറിയപ്പെടുന്ന സഹോദരങ്ങളായ വടിവേലു, ശിവാനന്ദൻ, പൊന്നയ്യ, ചിന്നയ്യ & സുബ്ബുക്കുട്ടി അയ്യ (വീണ).

- സ്വാതി തിരുനാ ളിന്റെ സദസ്സിലെ കവികളിൽ പ്രമുഖൻ – ഇരയിമ്മൻ തമ്പി
- "ഓമന തിങ്കൾ കിടാവോ "എന്ന താരാട്ട പാട്ട് രചിച്ചത് ഇദ്ദേഹമാണ്
- ഉത്തരാസ്വയംവരം ആട്ടക്കഥ രചിച്ചതും ഇദ്ദേഹമാണ്.

## സ്വാതി തിരുനാൾ രചിച്ച പ്രധാന കൃതികൾ

- ഭക്തമഞ്ജരി
- ഉത്സവ പ്രബന്ധം
- പദ്മനാഭ ശതകം
- സ്യാനന്ദപുര വർണന പ്രബന്ധം

## പ്രധാന നിർമ്മിതികൾ

- വാന നിരീക്ഷണ കേന്ദ്രം (നക്ഷത്ര ബംഗ്ലാവ്)
- പബ്ലിക് ലൈബ്രറി
- ഗവൺമെന്റ് പ്രസ്സ്
- കുതിര മാളിക

- സ്വാതി തിരുനാളിന്റെ കാലഘട്ടത്തിലെ പ്രധാന സാമൂഹ്യ പരിഷ്കർത്താവ് ആണ് വൈകുണ്ഠ സ്വാമികൾ.
- സ്വാതി തിരുനാളിനെ തിരുവിതാംകൂറിന്റെ നീചൻ എന്ന് വിശേഷിപ്പിച്ചത് – വൈകുണ്ഡസ്വാമികൾ
- സ്വാതി തിരുന്നാൾ ഇദ്ദേഹത്തെ ഇദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചു.
- തൈക്കാട് അയ്യയുടെ ശ്രമഫലമായാണ് വൈകുണ്ഡ സ്വാമികൾ ജയിൽ മോചിതനായത്.
- സുബ്ബാറാവു ആയിരുന്നു സ്വാതി തിരുന്നാളിന്റെ കാലത്തെ പ്രധാന ദിവാൻ.
- സ്വാതി തിരുന്നാളിന്റെ ഭരണത്തിന്റെ അവസാന കാലത്തു തിരുവിതാംകൂറിന്റെ റസിഡന്റായി നിയമിക്കപ്പെട്ട ആളാണ് ജനറൽ കല്ലൻ (കല്ലൻ സായിപ്പ്).
- 1846 ഡിസംബറിൽ മുപ്പത്തിമൂന്നാം വയസ്സിൽ സ്വാതി തിരുന്നാൾ നാടു നീങ്ങി.

## മുൻവർഷ ചോദ്യങ്ങൾ

1. ഗർഭശ്രീമാൻ എന്നറിയപ്പെട്ടിരുന്ന തിരുവിതാംകൂർ രാജാവ് ആരാണ്?

A)സ്വാതി തിരുന്നാൾ രാമവർമ്മ

B)ഉത്രം തിരുന്നാൾ മാർത്താണ്ഡ വർമ്മ

C)ആയില്യം തിരുന്നാൾ ശ രാമവർമ്മ രാമവർമ്മ

D)ശ്രീ വിശാഖം തിരുന്നാൾ

Ans : A

2. 1817-ൽ തിരുവിതാംകൂറിൽ പ്രാഥമിക വിദ്യാഭ്യാസം സൗജന്യമാക്കിയ ഭരണാധികാരി :

A)ഗൗരി പാർവ്വതിഭായി

B)മാർത്താണ്ഡ വർമ്മ

C)ശ്രീമൂലം തിരുനാൾ

D)ഗൗരി ലക്ഷ്മിഭായി

Ans :A

3. ചർച്ച് മിഷൻ സൊസൈറ്റി (CMS) യുടെ പ്രവർത്തന മേഖല ഏതായിരുന്നു ?

A)കൊച്ചിയും തിരുവിതാംകൂറും

B)തിരുവിതാംകൂർ

C)കൊച്ചി

D)മലബാർ

Ans :A

## ഉത്രം തിരുനാൾ മാർത്താണ്ഡ വർമ്മ (1847–1860)


- കഥകളിയുടെ സുവർണ കാലഘട്ടം എന്നറിയപ്പെടുന്നത് ഇദ്ദേഹത്തിന്റെ കാലമാണ്.
- 1857 ലെ കലാപ സമയത്തെ തിരുവിതാംകൂർ രാജാവ്.
- 1859 ജൂലൈ 26നു ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള സ്വാതന്ത്ര്യം അനുവദിച്ച് ഉത്തരവ് പുറത്തിറക്കി.
- 1859 ൽ ഇദ്ദേഹം പെൺകുട്ടികൾക്ക് വേണ്ടി ഒരു സ്കൂൾ തിരുവനന്തപുരത്ത് ആരംഭിച്ചു.
- കേരളത്തിലെ ആദ്യത്തെ പോസ്റ്റ് ഓഫീസ് (1857) സ്ഥാപിതമാകുന്നത് ആലപ്പുഴയിൽ ഇദ്ദേഹത്തിന്റെ കാലത്താണ്.



- 1857 ൽ തിരുവനന്തപുരത്ത് മ്യൂസിയം സ്ഥാപിച്ചത് ഇദ്ദേഹമാണ്.
- 1859 ൽ ജെയിംസ് ഡാറയും ഹെൻറി സ്മെയിലും ചേർന്ന് ആലപ്പുഴയിൽ കയർ ഫാക്ടറി സ്ഥാപിക്കുന്നതും ഇദ്ദേഹത്തിന്റെ കാലത്താണ്.
- ഡാറാ സ്മെയിൽ എന്നായിരുന്നു കയർ ഫാക്ടറിയുടെ പേര്.

## ആയില്യം തിരുനാൾ രാമവർമ്മ (1860–1880)

- കുരുമുളകിന്റെയും പുകയിലയുടെയും സർക്കാർ കുത്തക അവസാനിപ്പിച്ചതിലൂടെ ഒരു പുതിയ കാർഷിക നവോത്ഥാനത്തിന് തിരുവിതാംകൂറിൽ ഇദ്ദേഹം തുടക്കം കുറിച്ചു.
- രോഗ പ്രതിരോധത്തിനായി സർക്കാർ ജീവനക്കാർക്ക് വാക്സിൻ ഏർപ്പെടുത്തിയ തിരുവിതാംകൂർ രാജാവാണിദ്ദേഹം.



- തിരുവിതാംകൂറിലെ കർഷകരുടെ മാഗ്നാകാർട്ട എന്നറിയപ്പെടുന്ന പണ്ടാര പാട്ട വിളംബരം 1865ൽ പുറപ്പെടുവിച്ചത് ഇദ്ദേഹമാണ്.
- കുടിയാന്മാർക്ക് സർക്കാർ വക പാട്ടവസ്തുക്കളുടെ മേലുള്ള അവകാശം സ്ഥിരപ്പെടുത്തി നൽകി.
- 1867 ൽ ജന്മിമാരുടെ കൃഷി ഭൂമിയിൽ കാലങ്ങളായി കൃഷി ചെയ്തിരുന്ന കുടിയാന്മാർക്ക് അതിന്റെ ഉടമസ്ഥാവകാശം നൽകി കൊണ്ട് ജന്മി കുടിയാൻ വിളംബരം നടത്തിയതും ഇദ്ദേഹമാണ്.

super notes. by CIVILIANZ
+91 8281 223 366

- കാണപ്പാട്ട വിളംബരം എന്നും ഇത് അറിയപ്പെടുന്നു.
- 1861 ൽ സർക്കാർ തപാൽ വകുപ്പ് (അഞ്ചൽ) പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തതും ഇദ്ദേഹമാണ്.
- 1875ൽ തിരുവിതാംകൂറിലെ ആദ്യ ക്രമീകൃത സെൻസസ് നടന്നതും ഇദ്ദേഹത്തിന്റെ കാലത്താണ്.
- തിരുവിതാംകൂറിൽ നിയമ വിദ്യാഭ്യാസം ആരംഭിച്ചത് ഇദ്ദേഹമാണ്, 1875ൽ തിരുവനന്തപുരത്ത് ഗവൺമെന്റ് ലോ കോളേജ് സ്ഥാപിച്ചതും ഇദ്ദേഹമാണ്.
- 1877 ൽ കല്ലടയാറ്റിനു കുറുകെ പുനലൂർ തൂക്കുപാലം പണി കഴിപ്പിച്ചത് ഇദ്ദേഹത്തിന്റെ കാലത്താണ്.
- ആൽബർട് ഹെൻറി ആയിരുന്നു ഈ പാലം പണിത എഞ്ചിനീയർ.
- ആയില്യം തിരുനാളിന്റെ കഴിവുറ്റ ഭരണം വിലയിരുത്തിയ വിക്ടോറിയ രാജ്ഞി 1866ൽ, മഹാരാജ പട്ടം നൽകി ഇദ്ദേഹത്തെ ആദരിച്ചു.
- തിരുവിതാംകൂറിന് മാതൃകാ രാജ്യ പദവി (Model State) ലഭിക്കുന്നതും ഇദ്ദേഹത്തിന്റെ കാലത്താണ്.
- എ.ആർ രാജരാജ വർമ്മ, രാജാ രവി വർമ്മ, കേരള വർമ്മ വലിയ കോയി തമ്പുരാൻ എന്നിവരായിരുന്നു ആയില്യം തിരുനാളിന്റെ പ്രധാന സദസ്യർ.

## ടി.മാധവറാവു

- ആയില്യം തിരുന്നാളിന്റെ ഭരണകാലത്തെ പ്രഗത്ഭനായ ദിവാൻ ആയിരുന്നു ടി.മാധവറാവു.
- 1869ൽ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് മന്ദിരം പണികഴിപ്പിച്ചത് ഇദ്ദേഹമാണ്.
- ആയില്യം തിരുനാളാണ് ഇത് ഉദ്ഘാടനം ചെയ്തത്.
- സെക്രട്ടറിയേറ്റ് മന്ദിരത്തിന്റെ ശിൽപി – വില്യം ബാർട്ടൺ

- സെക്രട്ടറിയേറ്റിനു എതിർവശത്തായി ടി മാധവറാവുവിന്റെ പ്രതിമ സ്ഥിതി ചെയ്യുന്നു.
- എഡ്വേർഡ് ലാന്റേറി (Edouard Lanteri) ആണ് ഈ പ്രതിമയുടെ ശിൽപി.

## ശ്രീ വിശാഖം തിരുനാൾ (1880–1885)

- ഇദ്ദേഹം തിരുവിതാംകൂറിൽ പോലീസ് വിഭാഗത്തെ പുനഃസംഘടിപ്പിച്ചു.



- കാർഷിക വ്യവസായത്തിന് ഊന്നൽ നൽകി കൊണ്ട് മരച്ചീനി കൃഷി പ്രോത്സാഹിപ്പിച്ച തിരുവിതാംകൂറിലെ രാജാവ് ഇദ്ദേഹമാണ്.
- തിരുവനന്തപുരത്തെ ശ്രീകാര്യത്തുള്ള കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിൽ വികസിപ്പിച്ചെടുത്ത സങ്കരയിനം മരച്ചീനിയ്ക്ക് ഇദ്ദേഹത്തിന്റെ സ്മരണാർത്ഥം ശ്രീ വിശാഖ് എന്നാണ് പേര് നൽകിയത്.

## ശ്രീമൂലം തിരുന്നാൾ (1885–1924)



- ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിക്കുന്ന വേളയിലെ തിരുവിതാംകൂർ രാജാവായിരുന്ന ഇദ്ദേഹം.
- മലയാളി മെമ്മോറിയൽ (1891), എതിർ മെമ്മോറിയൽ, ഈഴവ മെമ്മോറിയൽ (1896) എന്നിവ സമർപ്പിക്കപ്പെടുമ്പോൾ തിരുവിതാംകൂർ രാജാവാണിദ്ദേഹം.
- 1924 ൽ വൈക്കം സത്യാഗ്രഹം ആരംഭിച്ചപ്പോൾ ഇദ്ദേഹമായിരുന്നു തിരുവിതാംകൂർ രാജാവ്.
- 1919 ൽ പൗര സമത്വവാദ പ്രക്ഷോഭം നടന്നത് ഇദ്ദേഹത്തിന്റെ കാലത്താണ്.
- ഇദ്ദേഹമാണ് റവന്യൂ വകുപ്പിൽ നിന്നും ദേവസ്വം വേർപെടുത്തിയത്.
- 1896 ൽ ഇദ്ദേഹം തിരുവിതാംകൂറിൽ ജന്മി കുടിയാൻ റെഗുലേഷൻ പാസ്സാക്കി.
- ഇദ്ദേഹം കൃഷിയ്ക്കു വേണ്ടി പ്രത്യേക വകുപ്പ് ആരംഭിച്ചു.
- പിന്നാക്ക സമുദായത്തിലെ കുട്ടികൾക്ക് സർക്കാർ വിദ്യാലയങ്ങളിൽ ഇദ്ദേഹം പ്രവേശനം അനുവദിച്ചു.
- 1910ൽ സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയെ നാട് കടത്തിയപ്പോൾ തിരുവിതാംകൂർ രാജാവ് ഇദ്ദേഹമായിരുന്നു.
- കഴ്സൺ പ്രഭു തിരുവിതാംകൂർ സന്ദർശിച്ചതും ഇദ്ദേഹത്തിന്റെ കാലത്തായിരുന്നു(തിരുവിതാംകൂർ സന്ദർശിച്ച ആദ്യ വൈസ്രോയി – കഴ്സൺ പ്രഭു)
- 1904 ൽ തിരുവിതാംകൂറിലെ ആദ്യ റെയിൽവേ ലൈൻ (കൊല്ലം – ചെങ്കോട്ട) സ്ഥാപിക്കപ്പെട്ടത് ഇദ്ദേഹത്തിന്റെ ഭരണ കാലത്താണ്.

## പ്രധാന നിർമ്മിതികൾ

- തിരുവനന്തപുരത്ത് വിക്ടോറിയ ജൂബിലി ടൗൺ ഹാൾ (VJT Hall) പണികഴിപ്പിച്ചത് (1896) ശ്രീമൂലം തിരുനാളിന്റെ ഭരണ കാലത്താണ്.

## തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ

- 1888ൽ തിരുവിതാംകൂറിൽ ലെജിസ്ലേറ്റീവ് കൗൺസിൽ ആരംഭിച്ചത് ശ്രീമൂലം തിരുനാ ൾ ആണ്.
- ഇന്ത്യയിൽ നിയമ നിർമ്മാണ സഭ നിലവിൽ വന്ന രണ്ടാമത്തെ നാട്ടുരാജ്യമാണ് തിരുവിതാംകൂർ.
- തിരുവിതാംകൂറിൽ ലെജിസ്ലേറ്റീവ് കൗൺസിൽ രൂപീകരിക്കാൻ മുൻകൈയെടുത്ത ദിവാൻ – ടി രാമറാവു

## ശ്രീമൂലം പ്രജാസഭ

- 1904 ൽ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ ശ്രീമൂലം പ്രജാസഭ ആയി മാറി.
- ശ്രീമൂലം പ്രജാ സഭയുടെ ആദ്യ സമ്മേളനം 1904 ഒക്ടോബർ 22 ന് VJT ഹാളിൽ വെച്ച് നടന്നു.
- ശ്രീമൂലം പ്രജാസഭയിൽ അംഗമായ ആദ്യ ഹരിജൻ – അയ്യങ്കാളി

## മുൻവർഷ ചോദ്യങ്ങൾ

1. ഏതു വർഷമാണ് ശ്രീമൂലം തിരുനാൾ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിന് രൂപം നൽകിയത്

A)1878

B)1888

C)1898

D)1908

ANS: B

2. താഴെ തന്നിട്ടുള്ളതിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

I)1924 ൽ വൈക്കം സത്യാഗ്രഹം ആരംഭിച്ചപ്പോൾ ശ്രീമൂലം തിരുനാ ൾആയിരുന്നു തിരുവിതാംകൂർ രാജാവ്.

II)വൈക്കം സത്യാഗ്രഹം അവസാനിക്കുമ്പോഴുള്ള തിരുവിതാംകൂർ ഭരണാധികാരി റാണി സേതുലക്ഷ്മി ഭായി ആയിരുന്നു.

A)I മാത്രം

B)II മാത്രം

C)രണ്ടും ശരിയാണ്

D)ഒന്നും ശരിയല്ല

ANS:C

3. കേരളത്തിലെ ആദ്യത്തെ കയർ ഫാക്ടറി (ഡാറാസ് മെയിൽ) ആലപ്പുഴയിൽ സ്ഥാപിതമായത് ഏത് വർഷത്തിൽ

A)A.D 1800

B)A.D 1859

C)A.D 1850

D)A.D 1900

ANS:B

4. കേരളത്തിലെ ആദ്യത്തെ പോസ്റ്റ് ഓഫീസ് സ്ഥാപിതമായത് എവിടെയാണ്

A)തിരുവനന്തപുരം

B)ആലപ്പുഴ

C)കോട്ടയം

D)കൊല്ലം

ANS:B

## റാണി സേതു ലക്ഷ്മി ഭായി (1924–1931)

- ശ്രീ ചിത്തിര തിരുനാളിന് പ്രായം തികയാത്തതിനാൽ റീജന്റ് ഭരണം നടത്തിയ ആളാണ് റാണി സേതുലക്ഷ്മി ഭായി.
- വൈക്കം സത്യാഗ്രഹം അവസാനിക്കുമ്പോഴുള്ള തിരുവിതാംകൂർ ഭരണാധികാരി, വൈക്കം സത്യാഗ്രഹ നിവേദനം സമർപ്പിച്ചത് റാണിക്കാണ്.



- വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് 1925 ൽ റാണിയെ ഗാന്ധിജി സന്ദർശിച്ചു.
- ഗ്രാമ പ്രദേശങ്ങളിൽ സ്വയംഭരണം വികസിപ്പിക്കുന്നതിനു വേണ്ടി 1925ൽ ഗ്രാമ പഞ്ചായത്തുകൾ രൂപവത്കരിച്ചു.
- തിരുവിതാംകൂറിൽ നിലനിന്നിരുന്ന ദേവദാസി സമ്പ്രദായം നിർത്തലാക്കിയത് സേതുലക്ഷ്മി ഭായി ആണ്.
- ദേവസ്വം വകുപ്പിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ മൃഗബലി നിരോധിച്ചതും റാണിയാണ്.
- 1925 ലെ രണ്ടാം നായർ ആക്ട് പ്രകാരമാണ് മരുമക്കത്തായ സമ്പ്രദായം നിർത്തലാക്കിയത്.
- 1926ൽ തിരുവിതാംകൂർ വർത്തമാന പത്ര നിയമം പാസ്സാക്കിയത് റാണിയാണ്.
- 1929ൽ റാണിയുടെ കാലത്താണ് തിരുവനന്തപുരം വൈദ്യുതീകരിച്ചത്.
- കേരളത്തിലെ ആദ്യ വൈദ്യുതീകരിച്ച പട്ടണം – തിരുവനന്തപുരം
- റാണിയുടെ കാലത്ത് തിരുവിതാംകൂർ ദിവാനായ ബ്രിട്ടീഷുകാരനാണ് – എം.ഇ വാട്ട്സ്
- തിരുവിതാംകൂറിലെ ദിവാൻ പദവി മുഴുവൻ സമയവും വഹിച്ച ആദ്യ അഹിന്ദുവായ വ്യക്തി – എം.ഇ വാട്ട്സ്.

## ശ്രീ ചിത്തിര തിരുന്നാൾ (1931–1947)

- തിരുവിതാംകൂറിലെ അവസാനത്തെ ഭരണാധികാരി.
- കടൽ യാത്ര നടത്തിയ ആദ്യ തിരുവിതാംകൂർ രാജാവാണ് ഇദ്ദേഹം.
- മാർപാപ്പയെ സന്ദർശിച്ച ആദ്യ തിരുവിതാംകൂർ രാജാവും ഇദ്ദേഹമാണ്.
- തിരുവിതാംകൂറിന്റെ വ്യവസായവത്കരണത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ഇദ്ദേഹമാണ്.

- 1932 ൽ റോയൽ ഫ്ലയിംഗ് ക്ലബ് എന്ന പേരിൽ കേരളത്തിലെ തന്നെ ആദ്യ വിമാനത്താവളം സ്ഥാപിച്ചത് ഇദ്ദേഹത്തിന്റെ കാലത്താണ്.
- 1938 ൽ തിരുവിതാംകൂർ സ്റ്റേറ്റ് ട്രാൻസ്പോർട് സർവീസ് രൂപികരിച്ചു.
- തിരുവനന്തപുരം സെൻട്രൽ ബസ്സ്റ്റേഷനിൽ നിന്ന് കവടിയാറിലേക്ക് ഓടിച്ച ബസ്സായിരുന്നു സർക്കാർ ഉടമസ്ഥതയിലുള്ള ആദ്യ പൊതു ബസ് സർവീസ്.



- കേരളത്തിലെ ആദ്യ ജലവൈദ്യുതപദ്ധതിയായ പള്ളിവാസൽ ജലവൈദ്യുതപദ്ധതി സ്ഥാപിച്ചത് ഇദ്ദേഹത്തിന്റെ കാലത്താണ്.
- കുണ്ടറ കളിമൺ ഫാക്ടറി, പുനലൂർ പ്ലൈവുഡ് ഫാക്ടറി, ഏലൂർ ഫെർട്ടിലൈസേഴ്സ് & കെമിക്കൽസ്, തിരുവിതാംകൂർ റബ്ബർ വർക്സ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് എന്നിവ സ്ഥാപിച്ചതും ഇദ്ദേഹത്തിന്റെ കാലത്താണ്.
- തിരുവിതാംകൂർ ഭൂപണയ ബാങ്ക് (1932), തിരുവനന്തപുരം റേഡിയോ സ്റ്റേഷൻ (1943).
- തിരുവിതാംകൂർ പബ്ലിക് സർവീസ് കമ്മീഷൻ – 1936
- തിരുവിതാംകൂറിലെ ആദ്യ പബ്ലിക് സർവീസ് കമ്മിഷണർ – G.D നോക്സ്

- 1956ൽ തിരുവിതാംകൂർ പബ്ലിക് സർവീസ് കമ്മീഷൻ, കേരള പബ്ലിക് സർവീസ് കമ്മീഷൻ ആയി മാറി.
- ആദ്യ കേരള PSC ചെയർമാൻ – വി. കെ വേലായുധൻ

## തിരുവിതാംകൂർ സർവകലാശാല (1937)

- തിരുവിതാംകൂർ സർവകലാശാലയുടെ ആദ്യ ചാൻസലർ – ശ്രീ ചിത്തിര തിരുന്നാൾ
- ആദ്യ വൈസ് ചാൻസലർ – സർ സി.പി രാമസ്വാമി അയ്യർ
- 1957 ൽ തിരുവിതാംകൂർ സർവകലാശാല കേരള സർവകലാശാല എന്ന് പുനർനാമകരണം ചെയ്തു.
- വധശിക്ഷ നിർത്തലാക്കിയ തിരുവിതാംകൂർ രാജാവ് ഇദ്ദേഹമാണ്.
- 1936 നവംബർ 12 ന് തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചത് ഇദ്ദേഹമാണ്.
- 'ആധുനിക കാലത്തെ അത്ഭുതം' എന്ന് ക്ഷേത്രപ്രവേശന വിളംബരത്തെ വിശേഷിപ്പിച്ചത് – ഗാന്ധിജി
- സംയുക്ത രാഷ്ട്രീയ സമിതി സംഘടിപ്പിച്ച നിവർത്തന പ്രക്ഷോഭം, തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃത്വത്തിൽ ഉത്തരവാദഭരണ പ്രക്ഷോഭം, കമ്മ്യൂണിസ്റ്റ് പാർട്ടി നയിച്ച പുന്നപ്ര–വയലാർ സമരം തുടങ്ങിയവ അരങ്ങേറിയത് ചിത്തിര തിരുന്നാളിന്റെ ഭരണകാലത്താണ്.

## ചിത്തിര തിരുനാളിന്റെ കാലത്തെ ദിവാൻമാർ

### 1.മുഹമ്മദ് ഹബീബുള്ള

- തിരുവിതാംകൂറിലെ ഏക മുസ്ലിം ദിവാൻ ആണിദ്ദേഹം

### 2.സർ സി.പി രാമസ്വാമി അയ്യർ

- 1936 നാണ ഇദ്ദേഹം തിരുവിതാംകൂറിന്റെ ദിവാൻ ആകുന്നത്.
- സ്വതന്ത്ര തിരുവിതാംകൂർ പ്രഖ്യാപനം നടത്തിയത് ഇദ്ദേഹമാണ്.

- തിരുവിതാംകൂറിൽ അമേരിക്കൻ മോഡൽ ഭരണം ആവിഷ്കരിച്ചത് ഇദ്ദേഹമാണ്.
- 1947 ജൂലൈ 25 ന സി.പി രാമസ്വാമിയെ കേരളാ സോഷ്യലിസ്റ്റ് പാർട്ടി അംഗമായ K.C.S മണി വെട്ടി പരിക്കേൽപിച്ചു.
- KCS മണിയുടെ യഥാർത്ഥ നാമം – കോനാട്ട മഠം ചിദംബര സുബ്രമണ്യ അയ്യർ

3.P.G.N ഉണ്ണിത്താൻ

- സി.പി യ്ക്ക് ശേഷം തിരുവിതാംകൂറിന്റെ ആക്ടിങ് ദിവാനായ വ്യക്തി
- ഇദ്ദേഹമായിരുന്ന തിരുവിതാംകൂറിന്റെ അവസാനത്തെ ദിവാൻ.

മുൻവർഷ ചോദ്യങ്ങൾ

1.തിരുവിതാംകൂർ സർവകലാശാല രൂപംകൊണ്ടത് ഏതു ഭരണാധികാരിയുടെ കാലത്താണ്?

A)ഗൗരി പാർവതി ഭായ്

B)ശ്രീ മൂലം തിരുനാൾ

C)ചിത്തിര തിരുനാൾ ബാലരാമവർമ

D)ആയില്യം തിരുനാൾ

Ans :C.

2.തിരുവിതാംകൂറിലെ ഏക മുസ്ലിം ദിവാൻ ആരാണ്?

A)മുഹമ്മദ് അബ്ദുൾ വഹാബ്

B)മുഹമ്മദ് ഹബീബുള്ള

C)ഹാലിദ് റഹ്മാൻ

D)അലി മുഹമ്മദ്

ഉത്തരം: B

3.ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം ഏതു തിരുവിതാംകൂർ ഭരണാധികാരിയുമായി ബന്ധപ്പെട്ടിരിക്കുന്നു?

A)ആയില്യം തിരുനാൾ

B)വിശാഖം തിരുനാൾ

C)ശ്രീമൂലം തിരുനാൾ

D)റാണി സേതുലക്ഷ്മി ഭായി

ഉത്തരം: D